കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - പാലമേൽ ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് 2005-06 ഖണ്ഡിക 3 (26-1) - സർക്കാർ സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.450/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 19.02.2013

---

പരാമർശം:
1. പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 22.05.12-ലെ യോഗത്തിലെ V/91/12- നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 26.6.12-ലെ III(ii) നമ്പർ തീരുമാനം.
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.8.12-ലെ ഇ 6-10986/12 നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7.01.2013-ലെ LF.19861/PT1/2012 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (26-1) ജലസേചന കിണർ - അംഗീകാരം പദ്ധതി രേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയത് - ഗുണഭോക്താക്കൾക്ക് സ്വന്തം പേരിൽ 25 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന നിബന്ധന പാലിക്കാതെ ഒൻപത് ഗുണഭോക്താക്കൾക്ക് പദ്ധതി ധനസഹായമായി 45,000/- (നാൽപത്തി അയ്യായിരം രൂപ മാത്രം) രൂപ ചെലവഴിച്ചതിന് സർക്കാർ സാധൂകരണം നൽകണമെന്ന പരാമർശം 1-ലെ പാലമേൽ ഗ്രാമപഞ്ചായത്ത് യോഗതീരുമാനത്തിന്റെയും പരാമർശം 2-ലെ ആലപ്പുഴ ജില്ലാ ആഡിറ്റ് മോണിട്ടറിംഗ് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 3-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ അപേക്ഷിക്കുകയുണ്ടായി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്, പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 22.05.12-ലെ യോഗത്തിന്റെ V/91/12 നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 26.6.12-ലെ III (ii) നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (26-1) ജലസേചന കിണർ-അംഗീകാരം പദ്ധതി രേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയ - ഗുണഭോക്താക്കൾക്ക് സ്വന്തം പേരിൽ 25 സെന്റ് സ്ഥലമെങ്കിലും

ഉണ്ടായിരിക്കേണ്ടതാണെന്ന നിബന്ധന പാലിക്കാതെ 9 ഗുണഭോക്താക്കൾക്ക് പദ്ധതി ധനസഹായമായി 45,000/- (നാൽപത്തി അയ്യായിരം രൂപ മാത്രം) രൂപ ചെലവഴിച്ച - ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
പി.ജയശ്രീ.
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, പാലമേൽ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.